# അല്ലാഹുവിന് പ്രിയങ്കരനായ ജനസേവകൻ

عن ابن عمر رضى الله عنهقال رَسُولُ الله ﷺ: أَحَبُّ النَّاسِ إلى اللَّه أَنْفَعَهُم للنّاس،
وَأَحَبُّ الأَعْمَالِ إلى اللَّه سُرُور تُدْخِلُهُ عَلَى مُسْلِمٍ، أَوْ تَكْشِقُ عَنْهُ كُرْبَةً،
أَوْ تُقْضِي عَنْهُ دِيْنًا، أَوْ تُطْرَدُ عَنْهُ جُوعًا، وَلأَنْ أَمْشِيَ مَعَ أَخٍ لِي فِي حَاجَةٍ
أَحَبُّ إِلَيَّ مِنْ أَنْ أَعْتَكِفَ فِي هذَا الْمَسْجِدِ، يَعْنِي مَسْجِدَ الْمَدِينَةِ، شَهْرًا.

**ഇബ്നു ഉമറിൽനിന്ന്: നബി(സ) പറഞ്ഞു: "ജനങ്ങളിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടവൻ ജനങ്ങൾക്ക് ഏറെ ഉപകാരം ചെയ്യുന്നവനാണ്, കർമ്മങ്ങളിൽ അല്ലാഹുവിന് ഏറെ പ്രിയപ്പെട്ടത് ഒരു മുസ്‌ലിമിന് നൽകുന്ന സന്തോഷമാണ്, അല്ലെങ്കിൽ അവനിൽ നിന്ന് ഒരു ദുരിതം നീക്കുന്നതാണ്, അല്ലെങ്കിൽ അവന്റെ കടം വീട്ടുന്നതാണ്, അല്ലെങ്കിൽ അവന്റെ വിശപ്പ് അകറ്റുന്നതാണ്. എന്റെ ഒരു സഹോദരന്റെ കൂടെ അവന്റെ ആവശ്യത്തിന് വേണ്ടി നടക്കുന്നതാണ് ഈ പള്ളിയിൽ (മദീന പള്ളിയിൽ) ഒരു മാസം ഭജനമിരിക്കുന്നതിനേക്കാൾ എനിക്ക് പ്രിയങ്കരം" (ത്വബറാനി).**

പള്ളികളിൽ ഭജനമിരിക്കുന്നത് ഇസ്‌ലാമിലെ ഒരു പുണ്യ കർമവും ആത്മീയവളർച്ചക്ക് ആക്കംകൂട്ടുന്ന ഒരു ആരാധനാകർമവുമാണ്. എന്നാൽ, ജനങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി ഇറങ്ങിത്തിരിക്കുന്നത് ഇതിലേറെ ഉത്തമമാണെന്നാണ് മേൽവചനം വ്യക്തമാക്കുന്നത്. പരോപകാരം പുണ്യമാണെന്ന് പഠിപ്പിക്കുന്ന ധാരാളം ഹദീസുകൾ നമുക്ക് കാണാൻ കഴിയും.

ഒരാൾ പ്രവാചക സന്നിധിയിൽ വന്ന് ഇപ്രകാരം ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ജനങ്ങളുടെ കൂട്ടത്തിൽ ആരെയാണ് അല്ലാഹുവിന് ഏറ്റവും ഇഷ്ടം? അല്ലാഹു ഇഷ്ടപ്പെടുന്ന കുറെ ആളുകളെക്കുറിച്ച് ഖുർആൻ വ്യക്തമാക്കുന്നുണ്ട്. ക്ഷമാശീലർ, ശുദ്ധിയുള്ളവർ, പരോപകാരികൾ, പശ്ചാത്തപിക്കുന്നവർ തുടങ്ങിയവർ. എന്നാൽ, അല്ലാഹു ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്നത് ആരെ എന്ന ചോദ്യത്തിന് ജനങ്ങൾക്ക് ഏറ്റവും പ്രയോജനപ്പെടുന്നവൻ എന്ന മറുപടിയാണ് നബി(സ) നൽകിയത്.

ഒരു വ്യക്തിയെക്കുറിച്ച് അവൻ ജനങ്ങൾക്ക് ഉപകാരപ്പെടുന്നവനാണെന്ന് പറയണമെങ്കിൽ അവൻ സാമൂഹിക സേവനരംഗത്ത് സജീവമായിരിക്കണം. ഒരാൾ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നവനായിത്തീരണമെങ്കിൽ അനിവാര്യമായും അവനുണ്ടാവേണ്ട ചില സ്വഭാവഗുണങ്ങളും ഈ ഹദീസിൽ അനുബന്ധമായി വിവരിക്കുന്നുണ്ട്. അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട കർമം ഒരു മുസ്‌ലിമിന് നൽകുന്ന സന്തോഷമാണെന്നാണ് ഈ ഹദീസിൽ ആദ്യമായി വ്യക്തമാക്കുന്നത്. സന്തോഷത്തിന് കൃത്യമായ ഒരു നിർവചനം അസാധ്യമാണെങ്കിലും ആപേക്ഷികമായി അനവധി നിർവചനങ്ങൾ അതിന് നൽകാൻ കഴിയും. വിശക്കുന്നവനെ സംബന്ധിച്ചേടത്തോളം ഭക്ഷണം ലഭിക്കുന്നത് സന്തോഷകരമായിരിക്കും. സാമ്പത്തിക ഞെരുക്കമനുഭവിക്കുന്നവന് പണം ലഭിക്കുന്നത് സന്തോഷകരമായിരിക്കും. മാനസിക പ്രശ്നമുള്ളവർക്ക് സാന്ത്വന വാക്കുകളായിരിക്കും ആശ്വാസം നൽകുന്നത്.

പ്രതിസന്ധികളിലും ദുരിതങ്ങളിലും അകപ്പെടുന്നവർക്ക് അവ ദൂരീകരിക്കപ്പെട്ടാൽ ലഭിക്കുന്ന സന്തോഷത്തിന് അതിരുണ്ടാവുകയില്ല. ഇത്തരം സാമൂഹിക സേവനത്തിന് വേണ്ടി ഒരാൾ ചെലവഴിക്കുന്ന ഊർജവും സമയവും അധ്വാനവും ആരാധനാ കർമങ്ങൾ പോലെ പ്രതിഫലാർഹമാണ്. ഈ പ്രവാചക വചനം സമഗ്രമായി പ്രായോഗികമാക്കാൻ വിശ്വാസികൾ പരിശ്രമിക്കുകയാണെങ്കിൽ സന്തോഷകരമായ ഒരു സമൂഹമായിരിക്കും അതിന്റെ പരിണിതഫലം. ■